

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 13 No.3 Newsletter March 2015




"യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല"
(സങ്കീർത്തനം 34:10)

# വാർത്തകൾ

## അഭിനന്ദനങ്ങൾ



ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് എക്കണോമിക്സ് റിഫോർമ്സ് ഏർപ്പെടുത്തിയ ഡോ. അബ്ദുൾ കലാം ലൈഫ്ടൈം അച്ചീവ്മെന്റ് നാഷണൽ അവാർഡിനർഹനായ **ഡോ. എ. രാജതങ്കം.** അദ്ധ്യാപനം, ഗവേഷണം, പ്രസിദ്ധീകരണം എന്നീ മേഖലകളിലെ നേട്ടം പരിഗണിച്ചാണ് അവാർഡിനർഹനായത്. മാർത്താണ്ഡം ക്രിസ്ത്യൻ കോളേജിലെ ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു. ഭാര്യ: ഡോ. ജീൻ പത്മ, മക്കൾ: ക്യാഡൽ, ക്യാരോൾ.

### സംഘടനാ ഭാരവാഹികൾ - 2015

**ചർച്ച് ക്വയർ:** വൈസ് പ്രസിഡന്റ് - ഡോ. സാംസൺ നേശയ്യ, സെക്രട്ടറി - നവീൻ സാം, ജോയിന്റ് സെക്രട്ടറി - ജ്യോതി റോബർട്ട്സ്, അക്കൗണ്ടന്റ് - അജയ് വിൽസ്, ജൂനിയർ ക്വയർ ലീഡർ - വിവേക് ലിവിംഗ്സ്റ്റൺ, ചിൽഡ്രൻസ് ക്വയർ ലീഡർ - അമർനാഥ് ഐ. പോൾ, കമ്മറ്റിയംഗങ്ങൾ - സ്റ്റാന്റ് ലി വിൽസൺ, എസ്.ആർ.കെ. റസാലം, റോബർട്ട് സിംഗ്, ധർമ്മകുമാർ, ജയ്ചന്ദ് ജോൺസൺ, ഷീല ഐറിൻ ജയന്തി, സരോജം വിൻസ്റ്റൺ, ഗേളി ആൻസലം.

**വൈ.എഫ്.എഫ്:** വൈസ്പ്രസിഡന്റ് - ലാൽ. സി.എൽ, സെക്രട്ടറി - വിജയ് വിൽസ്, ജോയിന്റ് സെക്രട്ടറി - ലീനബിനു, ട്രഷറർ - നിമ്മി രാജ്കുമാർ, കമ്മറ്റിയംഗങ്ങൾ - അരുൺ മാത്യു, അരുൺ വിൽസൺ ആശാ സർജിൻ, ജോസ് എച്ച്. ജോൺസ്, നിയാ ടിക്കു, പ്രിയാ ജോയ്, സെൻ എഡ്വിൻ, ഡോ. സിന്ധുജാ സുരേഷ്.

**മെൻസ് ഫെല്ലോഷിപ്പ്:** വൈസ് പ്രസിഡന്റ് - ജെ. എഡ്വേർഡ് ജോൺ, കൺവീനർ - സേം ഈനോക്ക്, അക്കൗണ്ടന്റ് - വിൻഫ്രഡ് വിൽസൺ, ട്രഷറർ - ഷാജി മോൻ.

**അദ്ധ്യാപക പരിശീലനം:** സണ്ടേസ്കൂൾ അദ്ധ്യാപകർക്കുള്ള പരിശീലനപരിപാടി ഫെബ്രുവരി 22-ാം തീയതി ഞായറാഴ്ച നടക്കുകയുണ്ടായി. റവ. ഡോ. ക്രിസ്തുദാസ് (പ്രൊഫസർ, കൺകോർഡിയ സെമിനാരി, നാഗർകോവിൽ) നേതൃത്വം നൽകി.

**പ്രത്യേക അറിയിപ്പ്:** 2014 ഡിസംബറിൽ നടന്ന ഫാൻസി സെയിലിൽ കുടിശ്ശികയുള്ളവരും 2014-15 സാമ്പത്തിക വർഷത്തിൽ സംഘകാണിക്ക കുടിശ്ശികയുള്ളവരും തങ്ങളുടെ കുടിശ്ശികതുക മാർച്ച് 30-ാം തീയതിക്ക് മുമ്പായി അടച്ചുതീർക്കേണ്ടതാണ്.

### വി.ബി.എസ് 2015

ഈ വർഷത്തെ വി.ബി.എസ് ഏപ്രിൽ 1 മുതൽ 11 വരെ നമ്മുടെ സഭയിൽവെച്ച് നടക്കുന്നതാണ്. **പുതിയ ഹൃദയം** എന്നതാണ് ചിന്താവിഷയം. മൂന്നരവയസ്സ് മുതൽ 20 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ്. മലയാളത്തിലും ഇംഗ്ലീഷിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും. രാവിലെ 8.30 മുതൽ 12.30 മണിവരെയാണ് ക്ലാസ്സുകൾ. ഈ വർഷത്തെ വി.ബി.എസ്സിന് നമ്മുടെ സഭാശുശ്രൂഷകർക്ക് പുറമേ ശ്രീ. പി.യു. തങ്കച്ചൻ & ടീം (ചൈൽഡ് ഇവാഞ്ചലിസം ഫെല്ലോഷിപ്പ് ഓഫ് ഇന്ത്യ) നേതൃത്വം നൽകുന്നതാണ്. നമ്മുടെ സഭയിലെ എല്ലാ മാതാപിതാക്കളും കുഞ്ഞുങ്ങളെ വി.ബി.എസ്സിന് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: അഡ്വ. സഗുണ രാജ് (സണ്ടേസ്കൂൾ സെക്രട്ടറി), ഫോൺ: 9447657850.

# CHURCH VOICE

13th year of publication

## MARCH 2015



**Chief Editor**

Rev. T. Selvarajan

**Editor**

R. Sajan Samson

**Sub-Editor**

Manoj Kumar Ebenezer

**Editorial Board**

Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**Circulation Manager**

Zaem Enock



**Address:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com

Printed at:
GRACE PRINTERS
Muttada Ph: 2540523


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 2115678 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



## Lent - The Apt Time to Turn to God

Once again we are entering into the season of Lent. We have observed Lent in the past years of our lives. Now let us think whether such observations have brought about any change in our spiritual lives.

How can we observe Lent with the intention to revive and renew our spiritual lives? Lent should became a criteria to examine oneself whether he is in the Lord or not. In other words Lent should make one to turn to God. We often think that we as Christians are already dwelling in the Lord and it is insignificant for us to turn to God.

As human beings there is every possibility for us to go astray from the path of God. So Lent is an opportunity to repent and turn to God. What can we do to turn to God?

As we read the Holy Bible, we can observe some verses regarding 'Turning to God'. Joel 2:12, 13, Psalms 32.5, Galatians 2:20, St. Luke 9:23 etc. speak to us about the various aspects concerned with the same.

Based on these portions we can say that Lent is

1) Turning to God with all our heart (Self Realisation)
2) Turning to God with Fasting (Self Denial)
3) Turning to God with weeping and mourning (self submission)
4) Turning to God by rending our hearts (self repentence) instead of garments
5) Turning to God by subjecting ourselves to crucifixion with Christ (self renovation)
6) Turning to God by taking one's cross daily and following the Lord. (self acceptance of difficulties)

(A) **Turning to God with all our Heart (Voluntary Self Realisation)**

The season of Lent is the time to realize ourselves. (Joel 2:12) One can turn to God voluntarily only if self realization is possible. This process should be without any compulsion or pressure from

outside. How can a person turn to God? As and when one realizes his faults and the position of himself in relation with the path of God, he will repent and renew his relationship with God. We read the story of the Prodigal Son in St. Luke Chapter 15. In verse 18 we read: I will rise up and go to my father and I will say unto him. "Father I have sinned against heaven and before thee". Let us repent like this man and turn to our Heavenly father during the season of Lent.

(B) **Turning to God with fasting (Self Denial) (Joel 2:12)**

As we realize ourselves especially our position in connection with the path of God, we should deny ourselves and humble ourselves before God. For that we have to deny something in our lives which is so dear to us. It may be luxuries in life, favourite foods or wealth without limit. Some people deny some of these blessings and donate their part to the poor and needy during this season. The essence of all such activities should be denial of our 'self" before God. Lent is the apt time for denying ourselves before the Almighty.

(C) **Turning to God with weeping and mourning (submission) (Joel 2:12, 13)**

When we become aware of our guilts and transgressions, we will repent and turn to God with tears. Why do we have to shed tears before God? The tears or weeping is the symbol of repentance right from the depth of our mind. Lent should be observed from the depth of our soul. In the Gospel according to St. Luke, in verses 37 & 38 of Chapter 7, it is said "And behold a woman in the city who was a sinner and knew that he was sitting at meat in the house of the Pharisee having taken an alabaster box of Myrrh and standing at his feet behind (him) weeping began to wash his feet with tears……" The woman being a sinner when she approached Jesus turned to Him with tears of submission. In this Lent season we shall submit ourselves entirely at his feet with tears and mourning.

(D) **Turning to God by rending our hearts instead of garments (Repentance) (Joel 2:13)**

As we study the Old Testament, we read in I Kings Chapter 21, verse 27 "And it came to pass when Ahab heard these words, that he rent his garments and put sack cloth upon his flesh and lay in sack cloth and went softly". Rending the garments and wearing sack cloth

marked repentance, in the days of Old Testament. But according to the Prophet Joel, one has to repent by rending his heart and not garments. The Psalmist in Psalms 51:17 says "The sacrifices of God, are a broken spirit; a broken and a contrite heart, O God thou will not despise" So let us rend our hearts in repentance and become acceptable to God right from this Lent season.

(E) **Turning to God by being Crucified with Christ (Renovation) (Galations 2:20)**

Lent season is a good opportunity to attain the state of being crucified with Jesus. We are all human beings liable to be plunged in the ocean of sins. Jesus was crucified in this world of sin. Likewise we have to be crucified regarding the sinful state of our lives. In other words, the sinful man in us should be crucified to death and a new man new in soul and spirit should be risen at the end of Lent season. This new person will be justified by the divine blood of Jesus Christ.

(F) **Turning to God by taking one's cross daily and following Jesus: (Accepting the difficulties in life voluntarily) (St. Luke 9:23)**

The worldly man is an easy going person. He wants to solve the problems faced in his life in the easiest possible way with minimum burden. But at the cross Jesus taught us about the crosses we have to bear in our daily lives.

At Gethsemane, Jesus prayed to the Father, at first to pass the cup of misery from him, but later he submitted himself to the Father's wish and accepted the Cross of sufferings for mankind. In this Lent season, let us accept the difficulties and miseries which God wants us to face, with the Grace of God. Only His Grace is sufficient for us to bear all the difficulties in life.

Thus by realizing ourselves voluntarily, denying ourselves, submitting ourselves completely, repenting of our sins, renovating ourselves and accepting all the crosses God wishes to give in our lives, let us turn to the Triune God, our maker, redeemer and rock of salvation.

May God bless you all

**Rev. T. Selvarajan**
Presbyter in charge

## SECRETARY'S REPORT



Dear friends,

The Lenten season has begun with Ash Wednesday on 18/02/2015. This is time to cling to the cross of Christ and obtain mercy through repentance and a purposeful round about turn. A contrite heart is the need of the hour. God in His love, beckons us to imbibe the crucifixion and resurrection experience. The invitation is to look at Him clearly, love Him more dearly and follow Him more closely. Let us have a deeper introspection during these days of penitence.

Knowing what Christ has done on the cross and receiving the benefit of the cross is essential in leading a life of witness. The experience of personalizing or internalizing the cross must become our way of life. The cross is for all people which teaches us humility, forgiveness, self-denial and service to others. May the cross shape and reshape our lives for the glory of God.

Our Church adopted the Salem Mission field of the Diocese in 2006 during the Centenary celebrations. After due consideration, the Church committee has decided to withdraw support to Salem Mission field and the Salem Mission Committee is authorized to propose a new mission field for our continued involvement. However, the cover collection for missionary support will continue.

The multi-storied building construction by the Kerala State Beverages Corporation adjacent to the Cemetery compound wall is posing threat to the tombs close to the compound wall. All out measures are taken up with the concerned authorities to prevent them from encroachment and proceeding with any construction abutting our compound wall.

- Initiatives are taken up with the Diocese to start vault construction with the proceeds of the Harvest Festival 2014.
- Preservation work of the 36 columns on the structure of the Parsonage & Missionary Complex is being carried out with lien concrete covering.
- Sri. John (an evangelist) is assigned to the Manikanteswaram

Mission field as Church worker in place of Mr. Rajesh.

- We are happy that the Diocese has granted us permission to use two class rooms on Sundays in the Cantonment UPS in the LMS compound for the use of Women's fellowship & Men's fellowship.
- Mrs. Chandrika, wife of late Mr. Thankappan (our former night security guard) had been granted Widow & Invalid pension.
- Dr. John Sajit Edwin and Dr. Arthur Jacob were assigned as Deacon representatives to Men's Fellowship.
- Rev. D. Jacob, Treasurer, South Kerala Diocese has consented to be the main speaker for the Passion Week programmes of our Church during April, 2015.
- Our former Sexton Mr. Sivanandan is severely ill due to kidney failure and is undergoing dialysis. Church members are encouraged to contribute liberally towards his medical treatment, which shall be remitted to Church office.

The following **Financial Aids** were extended during the month:

A. **Educational Aid**

1. Sri. Rajagopal of our church (Fno.1326) - ` 2000.

B. **Medical Aid**

2. Smt. Dhakshayani, member of our Church- ` 500.
3. Mrs. Mariamma CSI Bethelpuram - ` 2000.
4. Mr. Sivanandan (former Sexton) - ` 5,000.

C. **Marriage Aid**

5. Sri. Thankaraj, Security guard, LMS (CSI Thavaravila)- ` 2,000.

D. **House Maintenance:**

6. Mrs. Christy Bai - ` 5,000.
7. Mr. T. Rajeev, Sexton - ` 25,000.

E. **Other needs:**

8. C. Lalitha - for financial assistance (Fno.890) - ` 500.

**Obituary**

1. Mr. Soma Roy, Thekkummoodu (F. No.672) entered into eternal glory on 28-01-2015 and the burial was conducted on 29-01-2015.

2. Mr.Justin Solomon (F. No.1673) slept in the Lord on 11/02/2015 and was buried at Olathanny.
3. Engineer Etty Darwin, Muttada (F. No.1137) entered into eternal glory on 14/02/2015 and the burial was conducted on 17/02/2015.
4. Mr.John E, Nandavanam (F. No.908) was called to eternal rest on 15/02/2015 and burial was buried on 17/025/2015,
5. Mrs. Mary Thankam (F. No.2015) was called to eternal rest on 15/02/2015 and burial was conducted on 16/02/2015.

While praising God for the above lives, we pray for God's consolation and peace upon these families. The Church members are encouraged to visit the bereaved family members and extend continued fellowship.

Yours in His Ministry,

**Dr. Christenson E. Sarasam**



## പ്രതിവാര ധ്യാനം

**മാർച്ച് 2015**

മാർച്ച് 01, 2015, ഒന്നാം ഞായർ
വിഷയം: **ജീവൻ രക്ഷിക്കുന്ന വിശ്വാസം**
2 രാജാ.4:1–7, സങ്കീ. 72, അ.പ്ര.5:12–16, ലൂക്കൊ.5:17–26

മാർച്ച് 08, 2015, രണ്ടാം ഞായർ
വിഷയം: **പ്രാർത്ഥനയിൽ ഉറ്റിരിക്കുക**
2.രാജാ.20:1–11, സങ്കീ.116, 1.തിമൊ.5:12–22, മർക്കൊ.7:24–30

മാർച്ച് 15, 2015, മൂന്നാം ഞായർ
വിഷയം: **വിമോചനമേകുന്ന സത്യാരാധന**
പുറ.3:11–18, സങ്കീ.137, അ.പ്ര.16:25–34, ലൂക്കൊ.13:10–17

മാർച്ച് 22, 2015, നാലാം ഞായർ
വിഷയം: **കുരിശ്: മശിഹാ യുഗത്തിന്റെ പുതുദർശനം**
ആവ.18:15–22, സങ്കീ.73, 2.കൊരി.1:3–11, ലൂക്കൊ.18:35–43

മാർച്ച് 29, 2015, ഹോശന്ന ഞായർ
വിഷയം: **ഹോശന്ന; ദേവാലയത്തിൽ പുതിയ രാജാവ്**
യെശ.56:1–8, സങ്കീ.24, 1.കൊരി.3:16–23, മത്താ.21:1–17

# നോമ്പ് - വീണ്ടെടുപ്പിനായുള്ള കാലം

റവ. എ.പി. ക്രിസ്റ്റൽ ജയരാജ്

ക്രിസ്തീയ ആചാരത്തിലെ നോമ്പുകൾ യെഹൂദ മതത്തിലെ നോമ്പുമായി ബന്ധപ്പെട്ടിരിക്കുന്നു. നോമ്പ് ആചരണത്തെപ്പറ്റി പഴയ നിയമവും പുതിയ നിയമവും ചില നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

**നോമ്പിന്റെ ചില പ്രധാന ഉദ്ദേശ്യങ്ങൾ**

1. വിശുദ്ധ പൗലോസ് തന്റെ ലേഖനത്തിൽ പലയിടങ്ങളിൽ വ്യക്തമാക്കുന്നതനുസരിച്ച് സ്നാനത്തിന്റെ അനുഭവം പുതുക്കുന്നതിനുള്ള അവസരമാണ് നോമ്പ് (റോമ.6:4-5, ഗലാ.2:20, കൊലാ.2:12).
2. ക്രിസ്തീയ ജീവിതം ഒരു കായികമത്സരമായി കാണുമ്പോൾ വിജയത്തിന് പ്രത്യേക തയ്യാറെടുപ്പ് ആവശ്യം. ഭക്ഷണം, ഉറക്കം, സ്ഥിരമായ പരിശീലനം ഇവയിലെല്ലാമുള്ള ശിക്ഷണം കൂടാതെ മത്സരത്തിൽ മുന്നേറുക അസാദ്ധ്യം. ഈ ഒരുക്കത്തെക്കുറിച്ച് വിശുദ്ധ പൗലോസ് സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിലും മറ്റു ലേഖകർ ഉപദേശരൂപേണയും പ്രതിപാദിച്ചിട്ടുണ്ട് (1.കൊരി.9:24, 2.തിമൊ.2:5, യാക്കോ.1:12, എബ്രാ.12:1,2).
3. തുടരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രത്തിന് തേയ്മാനം സംഭവിക്കാം. അതുപോലെ തിരക്കേറിയ ജീവിതത്തിൽ നേരിടുന്ന ഭാരങ്ങളും പ്രലോഭനങ്ങളും കാരണം വിശ്വാസത്തിന് മങ്ങലേൽക്കാൻ സാധ്യതയുണ്ട്. പാപത്തിന്റെ ഗൗരവം ലഘുവായി തോന്നാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ജീവിതത്തെ പുന:ക്രമീകരിക്കുന്നതിന് നോമ്പ് സഹായിക്കുന്നു.
4. വലിയ നോമ്പ് കാലഘട്ടം ക്രിസ്തുവിന്റെ ക്രൂശിലേക്കും ഉയർപ്പിലേക്കും നോക്കുവാനുള്ള അവസരമാണ്. അത് ജീവിതത്തെ ക്രിസ്തീയ നിലവാരത്തിലേക്ക് എത്തിക്കുന്നതിന് സാധിക്കുന്നു (എബ്രാ.12:1).
5. ദാനധർമ്മങ്ങൾ ചെയ്യുന്നതിലൂടെ നോമ്പ് കാലം മറ്റുള്ളവരോടുള്ള നമ്മുടെ കടമ നിർവ്വഹിക്കുന്നതിനും അതിലൂടെ ദൈവാനുഗ്രഹം നേടുന്നതിനുമുള്ള അവസരമായി മാറുന്നു (യെശയ്യ.58:6,7, മത്താ.6:47).
6. പ്രാർത്ഥന, വേദപഠനം, ആരാധന, ക്രിസ്തീയ കൂട്ടായ്മ ഇവയിലെല്ലാം കൂടുതൽ ശ്രദ്ധയും ആഗ്രഹവും കാണിക്കാനുള്ള ആഹ്വാനം നോമ്പ് നൽകുന്നു.
7. നോമ്പ് കാലം പ്രായശ്ചിത്തത്തിന്റെയും അനുതാപത്തിന്റെയും അവസരമാണ് (യോവേ.2:12-14, 1.യോഹ.1:8,9)
8. ദൂതൻ മറിയയ്ക്ക് നൽകിയ, എലീശബെത്തിന് ലഭിച്ച, യേശുവിന്റെ ജനനസമയം ആട്ടിടയർക്ക് ലഭിച്ച, ലോകത്തിന് നൽകുവാനാകാത്ത ദിവ്യ സമാധാനം സ്വീകരിക്കുന്ന അവസരമാണ് നോമ്പ് കാലം.

**നോമ്പാചരണ രീതി**

ഈസ്റ്ററിന് മുമ്പ് വരുന്ന 9-ാം ഞായറാഴ്ച മുതൽ നോമ്പ് ആചരണം ആരംഭിക്കും. പഴയ നിയമത്തിൽ 12 ചെറിയ പ്രവാചകന്മാരിൽ ഒരാളായി

യോനയെ അംഗീകരിച്ചിട്ടുണ്ട്. മറ്റു പ്രവാചകരെല്ലാം സ്വയം എഴുതിയത് പ്രസിദ്ധീകരിച്ചിരിക്കുമ്പോൾ, ഒരു വ്യക്തിയുടെ അനുഭവം മറ്റൊരാൾ എഴുതുന്ന രീതിയിലാണ് യോനയുടെ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ജോർജ്ജ് ആദം സ്മിത് ഈ പുസ്തകത്തിന് നൽകിയിട്ടുള്ള വ്യാഖ്യാനത്തിലെ ഒരു പരാമർശം ശ്രദ്ധേയമാണ്, 'ഒരു പ്രധാന സത്യത്തിന് ഏറ്റവും ഉദാത്തമായ പ്രകാശം നൽകിയിട്ടുള്ള ഒരു പുസ്തകം'.

അശൂർ (അസ്സീറിയ) ഒരുകാലത്ത് സമ്പൽസമൃദ്ധമായ രാജ്യമായിരുന്നു; നിനവേ അതിന്റെ തലസ്ഥാനവും. സമൃദ്ധിയുടെ തണലിൽ ജനം സുഖലോലുപരും ദുഷ്ടരുമായി. അവർക്ക് ന്യായമായി ഭവിക്കേണ്ട വിനാശത്തിൽ നിന്ന് രക്ഷിക്കാനായി അവർ മാനസാന്തരപ്പെടണം. അതിനുള്ള ചുമതലയായിരുന്നു യോനയ്ക്ക്. എന്നാൽ യോന ഒളിച്ചോടിയത് തർശ്ശീശിലേക്ക്. വിജാതീയരുടെ അടുക്കൽ പോകാതിരിക്കാൻ കപ്പൽ കയറിയത് യോപ്പയിൽ നിന്ന്. ദൈവം യോനയെ പിന്തുടർന്ന് കീഴടക്കുന്നു. നിനവേയ്ക്ക് വരാനിരിക്കുന്ന നാശം യോന പ്രവചിക്കുന്നു. നിനവേക്കാർ അനുതപിച്ച് അവരും അവരുടെ വളർത്തുജന്തുക്കളും ഉപവസിക്കുമ്പോൾ വരാനിരിക്കുന്ന അനർത്ഥം വഴിമാറുന്നു. ആധുനിക വ്യാഖ്യാനങ്ങൾ നൽകുന്ന സൂചനയനുസരിച്ച് 'യോന' രാഷ്ട്രത്തെയും 'മത്സ്യം' പ്രവാസത്തെയുമാണ് സൂചിപ്പിക്കുന്നത്. മത്സ്യത്തിന്റെ ഉദരത്തിൽവെച്ചുള്ള യോനയുടെ പ്രാർത്ഥന പ്രവാസത്തിന്റെ അനുഭവങ്ങളിൽക്കൂടി എപ്രകാരമാണ് രാഷ്ട്രം ദൈവത്തിങ്കലേക്ക് തിരിച്ച് ചെല്ലുന്നത് എന്ന സത്യം നമ്മെ പഠിപ്പിക്കുന്നു. സുറിയാനി സഭയുടെ വിശ്വാസത്തിൽ, 'നോമ്പ് പറുദീസയുടെ വാതിൽ തുറക്കുന്നു, അത് നിഷ്ക്കർഷയോടെ ആചരിക്കുന്നവർക്ക് മാലാഖമാരുടെ പ്രഭയും പറന്നുയരുന്നതിനുള്ള ചിറകുകളും ലഭിക്കുന്നു'.

**വലിയ നോമ്പ്**

യേശുവിന്റെ പീഡാനുഭവത്തിനെയും ഉയർപ്പിനെയും മുന്നിൽക്കണ്ടുകൊണ്ട് അനുഭവങ്ങളുടെ പ്രയോജനം ഉൾക്കൊള്ളുന്നതിന് ഒരുങ്ങുന്ന കാലയളവാണ് വലിയ നോമ്പ്. ഈസ്റ്ററിന് മുമ്പുള്ള 40 ദിവസക്കാലമാണ് വലിയ നോമ്പ്. മോശെയുടെയും ഏലീയാവിന്റെയും യേശുവിന്റെയും ഉപവാസക്കാലവുമായി ബന്ധപ്പെടുത്തിയാണ് നോമ്പ് ആചരണം 40 ദിവസമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നത്. ഞായറാഴ്ചകളിൽ നോമ്പ് ഇല്ലാത്തതുകൊണ്ട് അത് 36 ദിവസമായി മാറി. അത് 40 ദിവസമാക്കുന്നതിന് പിന്നീട് 6 ആഴ്ചയ്ക്ക് മുമ്പുള്ള 4 ദിവസം കൂടെ ചേർന്നു. ഈ 40 ദിവസം തുടങ്ങുന്ന ബുധനാഴ്ച ചാമ്പൽ ബുധനാഴ്ച എന്ന പേരിൽ അറിയപ്പെടുന്നു. ചാമ്പൽ അഥവാ വെണ്ണീർ പ്രായശ്ചിത്തത്തിന്റെയും അനുതാപത്തിന്റെയും അടയാളമാണ്. നമ്മുടെ മർത്യാവസ്ഥയെയും നാം പൊടിയാണെന്ന സത്യത്തെയും അത് പ്രഖ്യാപിക്കുന്നു.

40 ദിവസത്തെ നോമ്പ് ആചരണം തുടങ്ങിയത് 7-ാം നൂറ്റാണ്ടിൽ മാത്രമാണെന്ന് 'ഗലേഷ്യൻ സാക്രമെന്തറി' എന്ന രേഖയിൽ പറയുന്നു. ആദ്യകാലഘട്ടത്തിൽ കടുത്ത പാപം ചെയ്തവർ മാത്രമാണ് 'രട്ടും വെണ്ണീറും' ധരിക്കാൻ നിർദ്ദേശിക്കപ്പെട്ടത്. പിന്നീട് 1091-ൽ ഏർബെൻ മാർപാപ്പ എല്ലാ വിശ്വാസികളും അത് ധരിക്കണമെന്ന് അനുശാസിച്ചു.

ആദ്യത്തെ മൂന്ന് നൂറ്റാണ്ടുകളിൽ ഈസ്റ്ററിനായി ഒരുങ്ങുന്ന ഉപവാസക്കാലം രണ്ടോ മൂന്നോ ദിവസങ്ങൾ മാത്രമായിരുന്നു. എന്നാൽ എ.ഡി.

325-ലെ നിഖ്യാ സുന്നഹദോസിന്റെ 5-ാം കാനോനിലാണ് 40 ദിവസത്തെ നോമ്പിനെപ്പറ്റി പരാമർശിച്ചിരിക്കുന്നത്.

**ദക്ഷിണേന്ത്യാ സഭയും നോമ്പും**

ആംഗ്ലിക്കൻ സഭയിൽ പെസഹാ വ്യാഴാഴ്ചവരെയും ദക്ഷിണേന്ത്യാ സഭയിൽ കുരുത്തോല ഞായറാഴ്ചയുടെ തലേദിവസം വരെയും അതാത് ദിവസത്തെ അപേക്ഷയോടൊപ്പം ചാമ്പൽ ബുധനാഴ്ചയുടെ പ്രാർത്ഥനയും ചൊല്ലാറുണ്ട്. അതിപ്രകാരമാണ്:

'സർവ്വശക്തനും നിത്യനുമായ ദൈവമേ, നീ ഉണ്ടാക്കിയിട്ടുള്ള ഒന്നിനെയും നീ പകയ്ക്കുന്നില്ല, പ്രത്യുത അനുതപിക്കുന്നവരുടെ പാപങ്ങളെ ക്ഷമിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് യഥാർത്ഥമായി സങ്കടപ്പെട്ട് ഞങ്ങളുടെ അരിഷ്ടതയെ ഏറ്റുപറഞ്ഞ് കാരുണ്യപൂർണ്ണനായ നിന്നിൽ നിന്ന് പൂർണ്ണമോചനവും മാപ്പും ലഭിക്കുമാറാകണമേ. ഇതിനായി ഞങ്ങളിൽ പുതിയതും തകർന്നതുമായ ഹൃദയത്തെ സൃഷ്ടിച്ചുണ്ടാക്കേണമേ.'

നമ്മുടെ പാപത്തിന്റെ കാഠിന്യവും ദൈവത്തിന്റെ ആർദ്രസ്നേഹവും ഒരുമിച്ച് കാണുന്നതിനാണ് ഈ നോമ്പ് കാലത്തിൽ സഭ നമ്മെ ക്ഷണിക്കുന്നത്. യെഹസ്.33:11, സങ്കീ.51:10,17 എന്നീ വാക്യങ്ങളിൽ കേന്ദ്രീകരിച്ച ഒരു പ്രാർത്ഥനയാണിത്. നോമ്പിന്റെ ഒരുക്കകാലത്തെ മൂന്ന് ഞായറാഴ്ചകളിൽ ദക്ഷിണേന്ത്യൻ സഭ ചിന്തിക്കുന്നത് സൃഷ്ടി, വീഴ്ച, വീണ്ടെടുപ്പ് എന്നീ വിഷയങ്ങളാണ്.

**സൃഷ്ടി**: ആകാശവും ഭൂമിയും അവയിലുള്ള സകലതും ദൈവത്തിന്റെ സൃഷ്ടിയാണ്. എന്നാൽ സ്വതന്ത്രമായ ഇച്ഛാശക്തിയൊടും സ്നേഹബന്ധം പുലർത്താനുള്ള കഴിവോടുംകൂടെ മനുഷ്യനെ സൃഷ്ടിച്ചതാണ് അത്ഭുതാവഹം. പുതിയനിയമ ചിന്തയിൽ സൃഷ്ടികർത്താവ് വചനമാകുന്ന ക്രിസ്തുവാണ്. (യോഹ.1:3)

**വീഴ്ച:** ദൈവം സൃഷ്ടിക്ക് നൽകിയ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്നതാണ് വീഴ്ച (യിരെമ.17:9). അതുകൊണ്ട് ഈ ഞായറാഴ്ചയിൽ സഭ ഇങ്ങനെ പ്രാർത്ഥിക്കുന്നു, 'എല്ലാ നിഗളത്തെയും, സ്വാർത്ഥപരമായ ഇച്ഛാശക്തിയെയും ഞങ്ങളിൽ കീഴടക്കി നീ പ്രസാദിക്കുന്ന ഒരു ജനമായി ഞങ്ങളെ പുനർനിർമ്മിക്കേണമേ'. ആർച്ച് ബിഷപ്പ് വില്യം ടെമ്പിളിന്റെ അഭിപ്രായത്തിൽ 'സ്വയം കേന്ദ്രമാക്കി ജീവിക്കാനുള്ള മനുഷ്യന്റെ സാർവ്വത്രിക പ്രണവണതയാണ് വീഴ്ച'.

**വീണ്ടെടുപ്പ്**: നമ്മുടെ ഇച്ഛാസ്വാതന്ത്ര്യം ദൈവത്തിന് പ്രസാദകരമാക്കി വീണ്ടും മാറ്റുന്നതാണ് വീണ്ടെടുപ്പ്. അതിന് ദൈവകൃപ വേണം. ആ കൃപയാണ് ക്രിസ്തുവിലൂടെ നൽകപ്പെട്ടിരിക്കുന്നത്. വീഴ്ചയിൽ ക്രിസ്തുവിൽ കൂടെയുള്ള വീണ്ടെടുപ്പിന്റെ നിഴലായ ഒരു ചരിത്രസംഭവമാണ് മോശെയുടെ നേതൃത്വത്തിലൂടെ ഇസ്രായേലിനെ ദൈവം വിമോചിപ്പിച്ചത്. ഈ ദിവസത്തെ പഴയനിയമ വായന ഈ സംഭവമാണ് (പുറ.6:2-9).

പ്രലോഭനങ്ങളിൽ വീണുപോകാതിരിക്കാൻ യേശു നിർദ്ദേശിച്ച മാർഗ്ഗമാണ് പ്രാർത്ഥന. യേശുവിന് മരുഭൂമി അനുഭവത്തിന്റെ (ഉപവാസം) വെളിച്ചത്തിൽ പ്രലോഭനങ്ങളെ അതിജീവിക്കാൻ കഴിഞ്ഞതുപോലെ, ശരിയായ നോമ്പ് ആചരണം നമ്മെ വീണ്ടെടുപ്പിലേക്കും വിശുദ്ധിയിലേക്കും നയിക്കും.

**ലേഖനം**

# തിരിച്ചറിവിന്റെ സാക്ഷ്യം

**പ്രൊഫ. ജെയിംസ് സ്റ്റ്യൂവർട്ട്**

ഉയിർത്ത ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനായപ്പോൾ തോമസ് അവരോടൊപ്പമുണ്ടായിരുന്നില്ല. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന സത്യം അംഗീകരിക്കാൻ സംശയാത്മാവായ തോമസ് തയ്യാറായിരുന്നില്ല. യേശുക്രിസ്തു തോമസിനുവേണ്ടി വീണ്ടും പ്രത്യക്ഷപ്പെട്ടു. തന്റെ വിലാപ്പുറത്തു കൈ ഇടാനും തന്റെ ആണിപ്പഴുതുള്ള കരങ്ങൾ പരിശോധിക്കാനും പറഞ്ഞു. അപ്പോൾ തോമസ് "എന്റെ കർത്താവും ദൈവവുമായുള്ളോവേ" എന്നു വിളിച്ചുകൊണ്ട് ആ പാദങ്ങളിൽ വീണു. യേശുക്രിസ്തുവിനോടൊപ്പം നടക്കുകയും ജീവിക്കുകയും ചെയ്ത ആളാണ് തോമസ്. തന്റെ ഉയിർത്തെഴുൽേപ്പിനെക്കുറിച്ചു ക്രിസ്തു നൽകിയ സൂചനകൾ, തീർച്ചയായും അയാൾക്കറിയാമായിരുന്നു. എങ്കിലും അവന്റെ സംശയം നിറഞ്ഞ മനസ്സ് യേശുക്രിസ്തു ഉയിർത്തെഴുന്നേററു എന്ന സത്യം അംഗീകരിക്കാൻ കൂട്ടാക്കിയില്ല. എന്നാൽ ക്രിസ്തുവിനെ മുഖാമുഖമായി കാണുകയും അവന്റെ ആണിപ്പഴുതുള്ള കരം സ്പർശിക്കുകയും ചെയ്ത നിമിഷം ക്രിസ്തു തന്റെ ദൈവവും രക്ഷിതാവുമാണെന്ന് അവൻ ഗ്രഹിച്ചു. തിരിച്ചറിവിന്റെ അത്യനർഘമായ നിമിഷമായിരുന്നു അത്. തോമസ്സിന്റെ പിൽക്കാല ജീവിതം സാഹസികതകളും കഷ്ടതകളും നിറഞ്ഞതായിരുന്നു. യാതനകൾ വകവയ്ക്കാതെ പ്രേഷിത ദൗത്യം പൂർത്തിയാക്കാൻ തോമസിനെ ശക്തനാക്കിയത് ഈ തിരിച്ചറിവിന്റെ അനുഭവമാണ്.

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ മറിയ യേശുക്രിസ്തുവിന്റെ കല്ലറയ്ക്കൽ എത്തിയത് കർത്താവിന്റെ ശരീരത്തിൽ സുഗന്ധതൈലം പൂശാനായിരുന്നു. തുറന്ന കല്ലറ കണ്ട് വിഷണ്ണയായി നിന്ന അവൾ ഉയിർത്തെഴുറേറ ക്രിസ്തുവിനെ മനസ്സിലാക്കുന്നില്ല. യേശുക്രിസ്തു അവളെ പേർ ചൊല്ലി വിളിച്ച നിമിഷം തന്നെ അവൾ കർത്താവിനെ 'റബ്ബൂനീ' അഥവാ 'എന്റെ ഗുരു' ആയി തിരിച്ചറിയുന്നു. യേശുക്രിസ്തുവിൽ നിന്ന് ധാരാളം അനുഗ്രഹങ്ങൾ പ്രാപിച്ചിട്ടുള്ള മറിയ തന്റെ ഗുരുവിനെ യഥാർത്ഥമായും അറിഞ്ഞത് ആ നിമിഷം മാത്രമാണ്.

തിരിച്ചറിവിന്റെ അനർഘനിമിഷം ജീവിതത്തിലുണ്ടാവുമ്പോഴാണ് ധൈര്യത്തോടെ ക്രിസ്തുവിനെ നമുക്കു സാക്ഷിക്കാൻ കഴിയുക. അപ്പോഴേ മററുള്ളവർ നമ്മെ നോക്കി "ഇവൻ ക്രിസ്തുവിനോടു കൂടെയായിരുന്നവൻ" എ്ന്ന സാക്ഷ്യപ്പെടുത്തുകയുള്ളൂ.

യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞ പത്രോസിന് അനുതാപത്തിന്റെ തീവ്രമായ അനുഭവത്തിലൂടെ കടന്നു പോകേണ്ടിവന്നു. എന്നിട്ടും കർത്താവിന്റെ ക്രൂശുമരണത്തിനു ശേഷം തന്റെ ഗുരുവിന്റെ നിയോഗത്തിനു വേണ്ടി കാത്തിരിക്കണമെന്ന് അവനു തോന്നിയില്ല. മറെറാന്നും ചെയ്യാനില്ലാത്തതുകൊണ്ട് അവൻ കൂട്ടുകാരുമൊത്ത് മീൻ പിടിക്കാൻ പോകുന്നു. ഗലീല കടൽക്കരയിൽ, തന്നെ കാത്തുനില്ക്കുന്ന ഉയിർത്തെഴുറ്റേ ക്രിസ്തുവിനെ കാണുകയും അവന്റെ ശബ്ദം കേൾക്കുകയും ചെയ്യുമ്പോൾ താൻ നഗ്നനാണെന്ന തിരിച്ചറിവിൽ അരയിൽ വസ്ത്രം ചുററി വെള്ളത്തി

ലേയ്ക്കെടുത്തു ചാടിയശേഷം സാവധാനം ഗുരുസിധിയിലെത്തുന്നു. പത്രോസിന്റെ ജീവിതത്തിലെ യഥാർത്ഥമായ തിരിച്ചറിവിന്റെ നിമിഷം അതായിരുന്നു.

എമ്മവുസിലേയ്ക്കു പോയ രണ്ടു ശിഷ്യന്മാരുടെ അവസ്ഥ യഥാർത്ഥത്തിൽ പരിതാപകരമാണ് തങ്ങളോടൊപ്പം നടന്ന ക്രിസ്തുവിനെ അപരിചിതനായ ഒരു പരദേശിയായേ അവർ കാണുന്നുള്ളു. യെരുശലേമിൽ നടന്ന സംഭവങ്ങളൊന്നും അറിയാത്ത ആ അജ്ഞാനിയെക്കുറിച്ച് അവർക്കത്ഭുതം തോന്നുന്നു. എങ്കിലും വഴിത്തിരിവിൽ വച്ച് പിരിയാൻ ഭാവിക്കുന്ന സഹയാത്രികനെ അവർ അത്താഴത്തിനു ക്ഷണിക്കുന്നു. ആ അപരിചിതൻ അപ്പം എടുത്തു നുറുക്കി വാഴ്ത്തിയ വേളയിലാണ് അവർ തങ്ങളുടെ ഗുരുവിനെ തിരിച്ചറിയുന്നത്. അവനുമൊന്നിച്ചു നടന്നപ്പോൾ തങ്ങളുടെ ആത്മാവ് എരിയുകയായിരുന്നു എന്ന സത്യം അവർ ഓർത്തതും അപ്പോൾ മാത്രമാണ്. തിരിച്ചറിവിന്റെ അത്ഭുത നിമിഷം!

ചുങ്കക്കാരനായിരുന്ന സഖായിക്ക് യേശുക്രിസ്തുവിനെ അറിഞ്ഞേ തീരൂ എന്ന ശാഠ്യമൊന്നുമുണ്ടായിരുന്നില്ല. വെറുമൊരു കൗതുകം മാത്രം. ആൾക്കൂട്ടത്തിനിടയിൽ നില്ക്കുന്ന യേശുവിനെ കാണാൻ വേണ്ടി കുറിയവനായ അവൻ അത്തിവൃക്ഷത്തിന്റെ മുകളിൽ കയറി. പുരുഷാരത്തോടൊപ്പം അടുത്തു ചെന്ന ക്രിസ്തു അവനോട് അധികമൊന്നും സംസാരിച്ചില്ല. താഴേയ്ക്കു ഇറങ്ങി വരാൻ പറഞ്ഞശേഷം ഇന്നു ഞാൻ നിന്റെ വീട്ടിൽ അത്താഴം കഴിക്കേണ്ടതാകുന്നു എന്നു മാത്രമേ പറഞ്ഞുള്ളു. പക്ഷേ അത് അവന് വലിയൊരു തിരിച്ചറിവായിത്തീരുന്നു. അവൻ ആരെന്ന് സ്വയം തിരിച്ചറിഞ്ഞു. അവനും അവന്റെ കുടുംബത്തിനും അദ്ഭുതകരമായ മാററമുണ്ടായി.

നാം സാക്ഷ്യം പറയാറുണ്ട്. സാക്ഷ്യത്തെക്കുറിച്ച് നമുക്കുള്ള ധാരണയെന്താണ്. എനിക്ക് രാവിലെ കഠിനമായ തലവേദനയായിരുന്നു. പ്രാർത്ഥിച്ചപ്പോൾ അതു മാറി. ഇത്തരം സാക്ഷ്യങ്ങൾ നാം എത്രയോ കേട്ടിരിക്കുന്നു. എന്നാൽ ഒരു കോടതിയിൽ സാക്ഷ്യം പറയുന്നതിങ്ങനെയല്ല. ആ കൃത്യം ഞാൻ എന്റെ സ്വന്തം കണ്ണുകൾകൊണ്ടു കണ്ടു. കൈകൾകൊണ്ടു തൊട്ടു; ഇതാണവിടത്തെ അംഗീകാരയോഗ്യമായ സാക്ഷ്യം! ക്രിസ്ത്യാനിയുടെ ജീവിതത്തിലും ക്രിസ്തുവിനെ കാണുന്ന, കേൾക്കുന്ന, അനുഭവിച്ചറിയുന്ന, തിരിച്ചറിയുന്ന, അത്യനർഘമായ ഒരു മുഹൂർത്തമുണ്ടാകും. അപ്പോഴാണ് നമുക്ക് സാക്ഷികളാവാൻ കഴിയുന്നത്; **ഞാൻ കണ്ടു; ഞാൻ കേട്ടു; ഞാൻ രുചിച്ചറിഞ്ഞു; അതാവണം നമ്മുടെ സാക്ഷ്യം! സത്യമായ അനുഭവസാക്ഷ്യം!**

നമ്മെക്കുറിച്ച് മറ്റുള്ളവർ സാക്ഷ്യം പറയുമ്പോഴും നാം സാക്ഷികളായിത്തീരുന്നുണ്ട്. പരിശുദ്ധാത്മാവു പ്രാപിച്ചവരായി പത്രോസും യോഹന്നാനും യഹൂദന്മാരുടെ നടുവിൽ നിന്നുകൊണ്ട് പ്രാഗത്ഭ്യത്തോടെ, ധൈര്യത്തോടെ പ്രസംഗിച്ചപ്പോൾ, വിസ്മയഭരിതരായി ലോകം അവരെ ചൂണ്ടിപ്പറഞ്ഞു. ''ഇവർ ക്രിസ്തുവിനോടു കൂടെയായിരുന്നവർ!'' **തിരിച്ചറിവിന്റെ അനർഘനിഷിഷം ജീവിതത്തിലുണ്ടാകുമ്പോഴാണ് ധൈര്യത്തോടെ ക്രിസ്തുവിനെ നമുക്കു സാക്ഷിക്കാൻ കഴിയുക.** അപ്പോഴേ നമ്മെ നോക്കി ഇവൻ ക്രിസ്തുവിനോടുകൂടെയായിരുന്നവൻ, ക്രിസ്തുവിനെ അറിയുന്നവൻ; ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞവൻ, ക്രിസ്ത്യാനി എന്ന് ലോകം സാക്ഷ്യപ്പെടുത്തുകയുള്ളൂ!

# ചൂടിന്റെ കാഠിന്യവുമായി വേനലെത്തുമ്പോൾ

ഡോ. ശാന്താ യേശുദാസ്
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

മാർച്ച് മാസമെത്തുമ്പോൾ അത്യുഷ്ണത്തിന്റെ തീജ്വാലകൾ വാരിയെറിഞ്ഞുകൊണ്ട് കത്തിയെരിയുന്ന സൂര്യൻ നമ്മുടെ നാടിനും നാട്ടാർക്കും നൽകുന്നത് പൊള്ളുന്ന വെയിൽകൊണ്ട് കലുഷിതമായ പകലുകളും തീക്കാറ്റ് വീശിയടിക്കുന്ന രാവുകളുമാണ്. ഇക്കാലത്ത് സൂര്യതാപം നിമിത്തം നിരവധി ആരോഗ്യപ്രശ്നങ്ങൾ നമ്മുടെ നാട്ടിൽ വ്യാപകമാണ്. നിർജ്ജലീകരണത്തെ തുടർന്ന് ഉണ്ടാകാറുള്ള ക്ഷീണവും തളർച്ചയും മുതൽ ത്വക്ക് രോഗങ്ങൾ, നേത്രരോഗങ്ങൾ, മൂത്രാശയരോഗങ്ങൾ, ശുദ്ധജലക്ഷാമംമൂലം ഉണ്ടാകുന്ന പകർച്ച വ്യാധികൾ മുതൽ അതീവഗുരുതരമായ സൂര്യാഘാതം വരെ പൊള്ളുന്നവെയിൽ നമുക്ക് സമ്മാനിക്കാറുണ്ട്.

### ചർമ്മത്തെ പൊള്ളിക്കുന്ന അൾട്രാവയലറ്റ് രശ്മികൾ

സൂര്യനിൽ നിന്ന് പുറപ്പെടുന്ന അൾട്രാവയലറ്റ് രശ്മികൾ മൂന്ന് തരമാണ്. UV(A), UV(B), UV(C) എന്നിവയിൽ ആദ്യത്തെ രണ്ടുതരം രശ്മികൾ വളരെ ശക്തിയേറിയവയും UV(C) എന്ന രശ്മി താരതമ്യേന നിരുപദ്രവകാരിയുമാണ്. UV(A) ചർമ്മത്തെ മറികടന്ന് ചർമ്മത്തിനടിയിലുള്ള കോശങ്ങളെയും, UV(B) ചർമ്മത്തിലെ കോശങ്ങളെയും നശിപ്പിക്കുന്നു. ഇക്കാരണത്താൽ ശക്തമായ വെയിലേൽക്കുന്ന നമ്മുടെ ശരീരഭാഗത്തിലെ ചർമ്മം ചുവന്നുതടിച്ച് കറുത്ത നിറമുള്ളതായിത്തീരുന്നു, ചർമ്മത്തിൽ ചുളിവുകളും നീർക്കുമിളകളും വേദനയും ഉണ്ടാകുന്നു, ടീനേജ് പ്രായക്കാരുടെ മുഖത്തും കഴുത്തിലും ഇത്തരം പുള്ളിക്കുത്തുകൾ വീഴുമ്പോൾ അതൊരു സൗന്ദര്യപ്രശ്നമായി മാറുന്നു. ചൂടിന്റെ പ്രത്യാഘാതം പലരിലും പലവിധത്തിലായിരിക്കും. വൃദ്ധജനങ്ങൾ, ഹൃദ്രോഗികൾ, തൈറോയിഡിന്റെ അമിതപ്രവർത്തനമുള്ളവർ, സോറിയാസിസ്, എക്സിമ മുതലായവ ചർമ്മരോഗങ്ങളുള്ളവർ എന്നിവരിൽ ചൂടിന്റെ പ്രശ്നങ്ങൾ ഏറെയാണ്. ദീർഘകാലം വെയിലേറ്റ് ജോലിചെയ്യുന്നവരുടെ ത്വക്കിൽ ക്യാൻസർ ഉണ്ടാകുന്നതിനുപോലും അൾട്രാവയലറ്റ് രശ്മികൾ കാരണമാകാറുണ്ട്.

### വിയർപ്പ് - ഒരു ശാരീരിക താപനിർമ്മാർജ്ജന പ്രക്രിയ

